ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **D4/52834/22/DTE** തീയതി: **11-02-2026**

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - വകുപ്പ് ഡയറക്ടറുടെ കാര്യാലയം - വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി സമിതികൾ രൂപീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- **1.17-11-2025**-ലെ സർക്കാർ കത്ത് നമ്പർ
എൽ**3/227/2025/**ഉ.വി.വ.**Part(3)**
**2.03-12-2025**-ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ ഡയറക്ടറുടെ കാര്യാലയത്തിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് വകുപ്പ് **(PWD)** മുഖേനയോ മറ്റ് ഏജൻസികൾ വഴിയോ നിരവധി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. ഇത്തരം പ്രവൃത്തികളുടെ കൃത്യമായ മേൽനോട്ടം ഉറപ്പാക്കണമെന്ന് സൂചന **(1)** പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് സൂചന **(2)** ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഈ വകുപ്പിന് കീഴിലെ സ്ഥാപമേധാവികൾക്ക് ചുവടെ ചേർത്തിരിക്കുന്ന നിർദേശങ്ങൾ നൽകുന്നു.

**1.**നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും പോരായ്മകൾ റിപ്പോർട്ട് ചെയ്യുന്നതിനുമായി, സ്ഥാപനമേധാവിയുടെ നേതൃത്വത്തിൽ സിവിൽ / ആർക്കിടെക് ചർ വിഭാഗം വിദഗ് ധർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

**2.**സിവിൽ / ആർക്കിടെക്ചർ വിഭാഗങ്ങൾ നിലവിലില്ലാത്ത സ്ഥാപനങ്ങൾ, വകുപ്പിന് കീഴിലുള്ള തൊട്ടടുത്ത സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.

**3.**പ്രസ്തുത സമിതി രൂപീകരിച്ച വിവരം, അംഗങ്ങളുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ **(Contact details)** സഹിതം **2026 ഫെബ്രുവരി 28-നകം** ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**4.**ഇപ്രകാരം രൂപീകരിക്കപ്പെടുന്ന സമിതികൾ, നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി എല്ലാ മാസവും **ഏഴാം തീയതിക്കകം** ഈ കാര്യാലയത്തിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**5.**നിർമ്മാണ പ്രവൃത്തികളുടെ **Defect Liability Period (DLP)** കാലയളവിൽ എന്തെങ്കിലും ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടാൽ, ആയത് കാലതാമസമില്ലാതെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതും ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**6.**നിർമ്മാണ പ്രവൃത്തികളുടെ നിരീക്ഷണത്തിലോ റിപ്പോർട്ടിംഗിലോ ഉണ്ടാകുന്ന വീഴ്ചകളുടെ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വിദഗ്ധ സമിതി അംഗങ്ങൾക്കും ഒരുപോലെ ബാധകമായിരിക്കുന്നതാണ്.

Signed by
Jayaprakash P
Date: 11-02-2026 14:14:59

**Dr JAYAPRAKASH P**

**DIRECTOR**

**11-02-2026**

പകർപ്പ്

**1.**ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും, ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).

**2.**സീനിയർ ഫിനാൻസ് ഓഫീസറുടെ സി.എ, ഡി.ടി.ഇ

**3.**സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ, ഡി.ടി.ഇ

**4.**ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.